**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **31-01-2024 - ൽ മറുപടിയ്ക്ക്**

**സ്ട്രോക്ക് ബാധിച്ച മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്ട്രോക്ക് ബാധിച്ച് തൊഴിലെടുക്കാൻ കഴിയാതെയായ മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ? | (എ) | ഉണ്ട് . കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കും അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും മത്സ്യഫെഡും നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ് . ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവ മൂലമുള്ള മരണങ്ങൾ, ടി അസുഖങ്ങൾ മൂലം തൊഴിലെടുക്കാൻ കഴിയാത്ത സാഹചര്യം എന്നിവ അപകട ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷയിൽ ഉൾപ്പെടുന്നില്ല . |

സെക്ഷൻ ഓഫീസർ